വിലയാധാര പ്രകാരം കിട്ടിയിട്ടുള്ള ഭൂമിയിൽ വിസ്തീർണ്ണക്കുറവ്

35 [2924] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ആസ്ഥാനമായുള്ള ഇക്കോളെ ദി കൊക്കൊ പോളി ഡേയിംഗ് പ്രൈവറ്റ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽനിന്നും എറണാകുളം, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ എവിടെയെങ്കിലും വിലയാധാര പ്രകാരം ജന്മാവകാശം കിട്ടിയിട്ടുള്ള ഭൂമിയിൽ വിസ്തീർണ്ണക്കുറവ് വന്നു എന്നും, പ്രസ്തുത വിസ്തീർണ്ണക്കുറവ് പരിഹരിച്ചു കിട്ടണമെന്നും ആവശ്യപ്പെട്ട് 2002-ൽ സർവ്വെയും ഭൂരേഖയും അഡീഷണൽ ഡയറക്ടർക്ക് എന്തെങ്കിലും അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) ഈ അപേക്ഷയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്;

(സി) അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവ്വെ ഡിപ്പാർട്ട്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) നെയ്യാറ്റിൻകര സർവ്വെ സൂപ്രണ്ട് എ. എൽ. സി. നമ്പർ-1 ഓഫീസിൽ ഈ അപേക്ഷ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) സർവ്വെ ഡിപ്പാർട്ട്മെന്റിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അപേക്ഷകന് കൂടുതൽ ഭൂമി ലഭ്യമായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏത് താലൂക്കിൽ ഏത് വില്ലേജിൽ ഏത് സർവ്വെയിൽപ്പെടുന്ന എത്ര ഏക്കർ ഭൂമിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ, എറണാകുളം ആസ്ഥാനമായുള്ള ഇസോള ദി കൊക്കോ ഹോളിഡേയിംഗ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ അവർ വിലയ്ക്ക് വാങ്ങിയ പട്ടയ വസ്തുവിനെ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു.

(ബി) റീസർവ്വെയിൽവന്ന പിശക് നിമിത്തം പട്ടയഭൂമിയുടെ വിസ്തൃതിയിൽവന്ന കുറവ് പരിഹരിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) അപേക്ഷ നെയ്യാറ്റിൻകര അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ടിയാൻ അത് നെയ്യാറ്റിൻകര സർവ്വെ സൂപ്രണ്ടിന് കൈമാറുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അപേക്ഷകൻ റീസർവ്വെ കാലത്തെ ഉടമസ്ഥൻ അല്ലാത്തതുകൊണ്ടും വസ്തുവിന്റെ ആധാരം അതിനു ശേഷം നടന്നതായതുകൊണ്ടും അപേക്ഷ നിരസിക്കപ്പെട്ടു.

തുടർന്ന് റീസർവ്വെകാലത്തെ ഉടമസ്ഥനായ മുൻ ആധാരക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വെ സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുകയും കുളത്തൂർ വില്ലേജിൽ പട്ടയ വസ്തുവായി ചേർക്കാതിരുന്ന അപേക്ഷകന്റെ വസ്തു, അപ്രകാരം ഉൾപ്പെടുത്തിക്കൊണ്ട് റിക്കാർഡുകളിലെ തെറ്റ് തിരുത്തി അപേക്ഷകന്റെ പരാതി പരിഹരിച്ചു കൊടുക്കുകയും ചെയ്തു.

(ഇ) നിയമ പ്രകാരം അവകാശപ്പെട്ടതിൽ കൂടുതൽ ഭൂമി ലഭ്യമായിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

ഉപ്പളയിൽ എ. കെ. ജി. മന്ദിരനിർമ്മാണത്തിനായി ഭൂമി

36 [2925] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി വില്ലേജിലെ ഉപ്പളയിൽ എ.കെ.ജി. മന്ദിര നിർമ്മാണത്തിനായി ഭൂമി പതിച്ചു ലഭിക്കുന്നതിനായി സി.പി.ഐ. (എം) മംഗൽപാടി ലോക്കൽ കമ്മിറ്റി അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ ഏത് വർഷമാണ് അപേക്ഷിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; ഈ അപേക്ഷയിലെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഇതേ സ്ഥലം ഒരു സ്വകാര്യവ്യക്തി പെട്രോൾ പമ്പ് നടത്തുന്നതിന് ലീസിന് ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത അപേക്ഷ ഏത് വർഷമാണ് ലഭിച്ചത്;

(ഡി) 1988-നു ശേഷം കാസർഗോഡ് താലൂക്കിൽ കെട്ടിട നിർമ്മാണത്തിനോ മറ്റാവശ്യങ്ങൾക്കോ ആയി രാഷ്ട്രീയ പാർട്ടികൾക്കും സാമൂഹ്യ-സാംസ്കാരിക സന്നദ്ധ സംഘടനകൾക്കും ഭൂമി പതിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ സംഘടനകൾക്ക് എത്ര ഭൂമി വീതം ഏത് നിരക്കിൽ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly